/23234/2023

**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 21.03.23 തീയതിയിൽ നടന്ന ഓൺലൈൻ യോഗത്തിന്റെ മിനിട്ട്സ്.**

**സ്ഥലം – പി.എം.യു. ഓഫീസ്, തിരുവനന്തപുരം**
**പങ്കെടുത്തവർ: PMU, RPMU & GPST ഉദ്യോഗസ്ഥർ**
**സമയം: 02.30 pm**

KRWSA എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി താഴെ പറയുന്ന നിർദേശങ്ങൾ നൽകി.

KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പരമാവധി ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നതിനു വേണ്ടി ത്വരിതഗതിയിലുള്ള നടപടികൾ KRWSA സ്വീകരിക്കണം.

റീജിയണൽ പ്രൊജെക്റ്റ് ഡയറക്ടർമാർ, പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിലെ ഉദ്യോഗസ്ഥർ എന്നിവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് Hierarchical scrutiny ക്ക് ശേഷം അടിയന്തിരമായി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കണം.

JJM ൽ ഉൾപ്പെട്ട പ്രവൃത്തികൾ KRWSA ഏറ്റെടുത്തതിനു ശേഷം പിന്നീട് ഈ ഉത്തരവാദിത്വത്തിൽ നിന്നും പുറകോട്ട് പോകുന്നതിനോ ഒഴിവാകുന്നതിനോ പാടുള്ളതല്ല. ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള അനുമതികൾ ആവശ്യമുണ്ടെങ്കിൽ ആയത് DWSM-ൽ സമർപ്പിച്ചു അനുമതി നേടണം.

25-02-23 ൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങളുടെ ATR അവലോകനം ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**തീരുമാനങ്ങൾ**

1. കോട്ടയം ജില്ലയിലെ കുറിച്ചി പഞ്ചായത്തിലെ WQ പ്രശ്നം പരിഹരിച്ച് MLA - യെ വിവരം അറിയിച്ചതായി ഇടുക്കി റീജിയണൽ യൂണിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.
2. **ജലനിധി രണ്ടാം ഘട്ടം - GP Exit പൂർത്തീകരണം**

ലക്കിടി പേരൂർ പഞ്ചായത്ത് GP Exit പൂർത്തീകരിച്ചതോടെ രണ്ടാം ഘട്ടത്തിൽ അകെ ഉണ്ടായിരുന്ന 115 ഗ്രാമ പഞ്ചായത്തുകളുടെയും എക്സിറ്റ് പൂർത്തീകരിച്ചു. എന്നാൽ ജലനിധി പദ്ധതി പൂർണ്ണമായും അവസാനിപ്പിച്ച് വിടുതൽ നേടുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് പ്രത്യേക ഫോർമാറ്റിൽ തെയ്യാറാക്കി റീജിയണൽ ഡയറക്ടർമാർ സർട്ടിഫൈ ചെയ്ത് 05-04-23നുള്ളിൽ PMUവിൽ ലഭ്യമാക്കണം.

ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ബിൽ സെറ്റിമെന്റ്-ന് 861.36 ലക്ഷം രൂപയുടെ ബിൽ തെയ്യാറാണെന്നും കോടതികളിൽ ഉള്ള കേസിൽ പ്രതികൂല വിധി ഉണ്ടായാൽ 1 .30 കൂടി രൂപ കൂടി ആവശ്യമായി വരുമെന്നും DFA i / c അറിയിച്ചു. ജലനിധി അക്കൗണ്ട് സെറ്റിൽമെന്റ് ഭാഗമായി വിവിധ ഇനങ്ങളിൽ RPMU കളിൽ നിന്നും ബില്ലുകൾ ലഭിക്കേണ്ടത് ഉണ്ടെങ്കിൽ ആയത് 31/3/23 നുള്ളിൽ RPMU കളിൽ നിന്നും സർട്ടിഫൈ ചെയ്ത് വാങ്ങണം. **RPDs / DD (Fin) i/c**

3. <u>FTK ഉപയോഗിച്ച് കാട്ടാക്കട മണ്ഡലത്തിൽ നടത്തുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധന സംബന്ധിച്ച്</u>

24/3/2023- ൽ വോളന്റിയർമാർക്കുള്ള പരിശീലനവും തുടർന്നുള്ള ദിവസങ്ങളിൽ ഗുണനിലവാര പരിശോധനയും നടത്തുന്നതാണ്. ഈ ആവശ്യത്തിലേക്കായി 125 കിറ്റുകൾ നൽകിയിട്ടുണ്ട്. ജല ജീവൻ മിഷൻ മാനദണ്ഡം പാലിച്ചുള്ള പരിശോധനയും റിസൾട്ട് WQMS -ൽ Upload ചെയ്യുന്നതും ബന്ധപ്പെട്ടവർ ഉറപ്പാക്കണം.ടി കാര്യങ്ങളിൽ ഉള്ള മാർഗ്ഗരേഖ കർശനമായും പാലിക്കുന്നുണ്ടെന്ന് RPD ഉറപ്പാക്കണം. **– DD(WC) , DD ( HR ) i/c**

4. <u>കാസർഗോഡ് ജില്ലയിലെ മീഞ്ച, പൈവളിക പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ FHTCകൾ നൽകുന്നത് സംബന്ധിച്ച്</u>

മേൽ പഞ്ചായത്തുകളിൽ FHTC നൽകുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു ജലനിധി പദ്ധതികളുടെ നിലവിലുള്ള സ്രോതസ്സിൽ ജല ലഭ്യത ഉറപ്പ് വരുത്തണമായിരുന്നു. ആയതിലേക്ക് വേണ്ടി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുമെന്ന ഉറപ്പിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് ഉപ്പള പുഴയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപോസൽ തെയ്യാറാക്കി DWSM ൽ സമർപ്പിച്ചിരുന്നു. എന്നാൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഈ പാക്കേജിൽ നിന്നും ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ തുടർ പ്രവർത്തനങ്ങൾ ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. പദ്ധതിക്ക് ഭരണാനുമതി വാങ്ങുന്നതിന് മുൻപ് source finding committee യുടെ അംഗീകാരം ലഭ്യമാക്കിയിരുന്നില്ല.JJM പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിക്കാത്തതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ കടുത്ത അതൃപ്തി രേഖപ്പെടുത്തി. ഇപ്പോഴത്തെ സാഹചര്യത്തിൽ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ച് FHTC നൽകുന്നതിന് KRWSAക്ക് ചുമതലയുണ്ട്.ഒരിക്കൽ പ്രവൃത്തികൾ ഏറ്റെടുത്താൽ ആയതു കൃത്യമായും ശരിയായും Krwsa പൂർത്തീകരിക്കണം. പദ്ധതി നിർവഹണത്തിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. **DT i/c , MT Kannur**

ഗ്രാമപഞ്ചായത്തിനെ ഹർഘർജൽ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ JJM - IMIS പോർട്ടലിൽ നിന്നും ലഭ്യമാക്കി ആയതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് ആവശ്യമായ സഹായക പ്രവർത്തനം Krwsa നൽകണം **– RPD Kannur.**

5. ഗ്രാമപഞ്ചായത്ത് തല ആക്ടിവിറ്റി കമ്മറ്റിയുടെ (GPLAC) ബാങ്ക് അക്കൗണ്ടിലെ പലിശ തുകയുടെ വിനിയോഗം എങ്ങനെ ആയിരിക്കണം എന്നത് സംബന്ധിച്ചുള്ള നിർദേശം PMU -വിൽ നിന്നും 28/3/23 നുള്ളിൽ RPMU കൾക്ക് നൽകണം. **DFA i/C**

**<u>സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർത്തീകരണം (Backlog projects )</u>**

**<u>6. സുസ്ഥിരതാ പദ്ധതി</u>**

25/2/2023 - ലെ അവലോകന യോഗത്തിൽ 268 സ്കീമുകളുടെ കണക്ക് തീർപ്പാക്കുമെന്നും പാലക്കാട് ജില്ലയിലെ 2 സ്കീമുകൾ ഒഴികെ മുഴുവൻ സ്കീമുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്നും RPDമാർ ഉറപ്പ് നൽകിയിരുന്നു. എന്നാൽ 132 സ്കീമുകളുടെ കണക്ക് തീർപ്പാക്കലും 20 സ്കീമുകളുടെ പ്രവൃത്തി പൂർത്തീകരിക്കലും മാത്രമാണ് നടപ്പിലാക്കിയത്. ഇതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അസംതൃപ്തി പ്രകടിപ്പിച്ചു. വിവിധ കാരണങ്ങളാൽ ഡ്രോപ്പ് ചെയ്ത സ്കീമുകളെ ഒഴിവാക്കി 1086 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 1046 പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചത്. 890 അക്കൗണ്ട് സെറ്റിൽമെന്റും നടത്തി.

ഇനിയും പൂർത്തീകരിക്കുവാൻ ഉള്ള 40പ്രവൃത്തികളും ഇതുൾപ്പെടെ ഉള്ള 196അക്കൗണ്ട്

സെറ്റിൽമെന്റ്സും പൂർത്തീകരിക്കുന്നതിന് RPD മാർ താഴെ പറയും പ്രകാരമുള്ള സമയക്രമം സമർപ്പിച്ചു.

| Month | IdukKi RPMU | | Malappuram RPMU | | Kannur RPMU | |
|---|---|---|---|---|---|---|
| | Target for Commissioning 17 nos | Target for Account Settlement 69 nos | Target for Commissioning 23 nos | Target for Account Settlement 98 nos | Target for Commissioning | Target for Account Settlement 29 nos |
| March | 10 | 26 | 9 | 40 | Completed | 11 |
| April | 7 | 31 | 12 | 32 | | 18 |
| May | | 12 | 2 | 26 | | |
| Total | 17 | 69 | 23 | 98 | 0 | 29 |

മേൽ ടാർജറ്റ് ഉറപ്പാക്കുന്നതിന് RPMU - വിൽ നിന്നും ഓരോത്തർക്കും ചുമതല നൽകണം. കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിലെ റിപ്പോർട്ട് സംബന്ധിച്ച് PMU - വിൽ നിന്നും തീരുമാനം ലഭിച്ചാൽ അക്കൗണ്ട് സെറ്റിൽമെന്റ് ചെയ്യുന്നതിന് ഏപ്രിലിൽ ടാർജറ്റ് കാണിച്ച 16 സ്കീമുകൾ കൂടി മാർച്ച് മാസം തന്നെ സെറ്റിൽ ചെയ്യുവാൻ കഴിയുമെന്ന് RPD കണ്ണൂർ അറിയിച്ചു.

മലപ്പുറം, പാലക്കാട്, ഇടുക്കി , കോട്ടയം ജില്ലകളിൽ HQ - ൽ നിന്നും ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തി പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ആവശ്യമായ സഹായക പ്രവർത്തനങ്ങൾ നടത്തണം. ഇക്കാര്യത്തിലുള്ള പുരോഗതി ഉറപ്പാക്കണം.

7. **F T K ഉപയോഗിച്ചുള്ള വെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും റിസൾട്ട് അപ് ലോഡിംഗും നിലവിലെ സ്ഥിതി**

| | 21.03.23 |
|---|---|
| ലക്ഷ്യം | 538914സാമ്പിളുകൾ |
| പരിശോധിച്ചത് | 399331സാമ്പിളുകൾ - 74% |
| WQMIS യിൽ അപ്ലോഡ് ചെയ്തത് | 305886 സാമ്പിളുകൾ 57% |

ഇതുവരെ ആകെ 74 % സാമ്പിളുകളാണ് പരിശോധിച്ചിട്ടുള്ളത്. RPMU കണ്ണൂർ 100% വും RPMU ഇടുക്കി 94% വും പുരോഗതി കൈവരിച്ചു. RPMU മലപ്പുറത്തിന് 38% മാത്രമാണ് ടെസ്റ്റുകൾ നടത്താൻ കഴിഞ്ഞിട്ടുള്ളത്. മലപ്പുറം RPMU വിൽ വിതരണം ചെയ്യാതിരുന്ന കിറ്റുകൾ ഈ മാസം മുതൽക്കാണ് വിതരണം ചെയ്ത് തുടങ്ങിയിട്ടുള്ളത്. ആയതിന്റെ പുരോഗതി തുടർന്നുള്ള റിപ്പോർട്ടിൽ പ്രതിഫലിക്കുമെന്നും RPD മലപ്പുറം ഉറപ്പ് നൽകി.

8. **ജലജീവൻ മിഷൻ**

KRWSA മുഖേന നടപ്പിലാക്കുന്നതിന് ടെണ്ടർ ചെയ്ത 98156 FHTC കളിൽ 21474 മാത്രമാണ് നൽകുവാൻ കഴിഞ്ഞിട്ടുള്ളത് അതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ കടുത്ത അതൃപ്തി പ്രകടിപ്പിച്ചു. ഇക്കാര്യത്തിൽ പുരോഗതി ഉറപ്പാക്കുന്നതിന് ഡയറക്ടർ (ടെക്നിക്കൽ ) പ്രത്യേകം നടപടികൾ സ്വീകരിക്കണം.

9. <u>2022-23 - ലെ പദ്ധതികളുടെയും ധന വിനിയോഗത്തിന്റെയും പുരോഗതി സംബന്ധിച്ച്</u> നിലവിലുള്ള സ്ഥിതി താഴെ പറയും പ്രകാരമാണ്.

| Project | target | completed | Budget allocation (Lakhs) | Fund released | Financial progress | Bills ready | Bills expenditure |
|---|---|---|---|---|---|---|---|
| Sustainability | 290 | 66 | 3000 | 1991.82 | 1735.50 | 228.53 | 311.11 |
| RWH | 789 | 253 | 1000 | 580 | 588.45 | 320.71 | 62.30 |
| Up gradation of Domestic Open well | 531 | 170 | 400 | - | - | 15.88 | 47 |
| WQMS & Gray water management | 1024 | 60 | 350 | - | - | | 7.90 |
| R & D | - | - | 6 | 3.72 | - | - | - |
| IEC | - | - | 15 | 9.30 | - | - | - |
| Jalanidhi completion | - | - | 125 | 125 | 154.46 | 861.36 | |
| **Total** | - | - | **4896** | **2709.84** | **2478.41** | **1426.48** | **428.31** |

മേൽ റിപ്പോർട്ട് പ്രകാരം target achieve ചെയ്യുന്നതിൽ KRWSA യുടെ പെർഫോമൻസ് നിരാശാജനകമാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കുകയും അതൃപ്തി പ്രകടിപ്പിക്കുയും ചെയ്തു. പൂർത്തീകരിച്ച പ്രവൃത്തികളുടെ മുഴുവൻ ബില്ലുകളും ലഭ്യമാക്കി expenditure വരുത്തണം അതിന് വേണ്ടി ദൈനം ദിനം മോണിറ്ററിംഗ് നടത്തി പ്രത്യേകം നടപടി സ്വീകരിക്കണം - **Core committee**

10. <u>**ഫയൽ follow up**</u>

വിവിധ കാര്യങ്ങളുമായി ബന്ധപ്പെട്ട് 28 ഫയലുകൾ സെക്രട്ടറിയേറ്റിൽ ഇതുവരെ നൽകിയിരുന്നതിൽ 18 എണ്ണത്തിന്റെ ആക്ഷൻ പൂർത്തീകരിച്ചു. 10 എണ്ണം Processing - ലാണ്. ആയത് നിരന്തരം follow up ചെയ്യണം.- **Secretary to ED / DFA i/c**

11. <u>**PMS**</u>

**Main Project Data entry**

| RPMU | 25.02.23 (%) | 21.03.23 (%) | Progress |
|---|---|---|---|
| Kannur | 68.8 | 80.0 | +11.20 |
| Malappuram | 74.3 | 77.3 | +3 |
| Idukki | 71 | 78.6 | +7.60 |

Sub project Data entry progress

| RPMU | 25.02.23 (%) | 21.03.23 (%) | Progress |
|---|---|---|---|
| Kannur | 76.4 | 91.20 | +14.8 |
| Malappuram | 76.7 | 84.0 | +7.30 |
| Idukki | 71.5 | 86.7 | +15.2 |

PMS-ലെ data entryയിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

22/3/23 മുതൽ വിവിധ പ്രവർത്തികളുടെ ഓരോ ദിവസത്തെയും ടാർജറ്റും achievement ഉം RPMU മോണിറ്റർ ചെയ്യണം. ഇക്കാര്യത്തിൽ ഓരോ ദിവസവും ഉണ്ടായിട്ടുള്ള പ്രോഗ്രസ്സ് 25/3/2023, 29/3/2023 എന്നീ തീയതികളിൽ നടത്തുന്ന യോഗങ്ങളിൽ റിവ്യൂ ചെയ്യുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

യോഗ നടപടികൾ 4.30 പി.എം. ന് അവസാനിച്ചു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

Approved by Executive Director

Issued by Director (Operations)i/c